നം.കെഎസ്എ-കെടിഎം.പി.3-1533 /2016 തീയതി 26.10.2016

## കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.6.15 മുതൽ 17.9.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വർഗ്ഗീസ് ജോസഫ് , ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.9.2016 മുതൽ 30.9.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നടരാജൻ.പി.ബി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീമതി സുനിത.എം.എസ്,അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ദർശന.വി., സീ.ഗ്രേ.ഓഡിറ്റർ<br>ശ്രീ. ലൂക്കോസ് കുര്യൻ, ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.ഓമന ജോർജ്ജുകുട്ടി 01.04.15 മുതൽ 31.10.15 വരെ<br>അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി, 01.11.15 മുതൽ 18.11.15 വരെ<br>ശ്രീമതി ബേബി മോൾ വർക്കി, 19.11.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീമതി. സുജ മാത്യൂ , 1.4.15 മുതൽ 2.8.15വരെ (സെക്രട്ടറി ഇൻ ചാർജ്ജ്)<br>ശ്രീ.എസ്.രാജഗോപാൽ, 3.8.15 മുതൽ 8.2.16 എഫ്.എൻ. വരെ<br>ശ്രീ.തോമസ് സെബാസ്റ്റ്യൻ, 8.2.16 എ.എൻ.മുതൽ 31.3.16 വരെ, (സെക്രട്ടറി ഇൻ ചാർജ്ജ്) |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി സുജ മാത്യൂ<br>ശ്രീ.തോമസ് സെബാസ്റ്റ്യൻ, | 1.4.15 മുതൽ 23.12..15വരെ<br>4.1.16മുതൽ 31.3.16 വരെ, |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി രശ്മി.എസ്.കുമാർ<br>ശ്രീമതി അനിതകുമാരി.എം<br>ശ്രീമതി അമിതമോൾ.ടി<br>ശ്രീമതി രശ്മി.എസ്.കുമാർ | 01.04.15 മുതൽ 31.7.15 വരെ<br>1.8.15 മുതൽ 30.11.15 വരെ<br>1..12.15 മുതൽ 23.3.16 വരെ 23.3.16 മുതൽ 31.3.16 വരെ |
| മെഡിയ്ക്കൽ ഓഫീസർ (അലോപ്പതി) | ഡോ. സിമി തോമസ് | 01.04.15 മുതൽ 31.03.16 വരെ |
| മെഡിയ്ക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ലൗലി ഫിലിപ്പ് | 01.04.15 മുതൽ 31.03.16 വരെ |
| മെഡിയ്ക്കൽ ഓഫീസർ(ഹോമിയോ) | ഡോ.എൻ.സുനിൽകുമാർ | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ബിന്ദു.ടി | 01.04.15 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഫെലിസിറ്റ പ്രോത്താസിസ്<br>ഡോ.കൃഷ്ണ കിഷോർ.എൽ.ജി | 01.04.15 മുതൽ 3.03.16 വരെ<br>04.3.16 മുതൽ 31.03.16 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി അന്ന .കെ.ഒ<br>ശ്രീമതി സിന്ധു.പി.ജി | 01.04.15 മുതൽ 10.01.16 വരെ<br>11.01.16 മുതൽ 31.03.16 വരെ |
| വി.ഇ.ഒ | ശ്രീ. ഷെമീർ.എസ്.കെ<br>ശ്രീ.തോമസ് തോമസ് | 01.04.15 മുതൽ 3.03.16 വരെ<br>4.3.16 മുതൽ 31.03.16 വരെ |
| എച്ച്.എം | ശ്രീമതി റോസമ്മ ചാക്കോ | 01.04.15 മുതൽ 31.03.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | വിനോദ് .ആർ.എസ് | 01.04.15 മുതൽ 31.03.16 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഭാഗം 1--പൊതു അവലോകനം | ഖണ്ഡികനമ്പർ |
|---|---|
| ബജറ്റ് | 1.1 |
| വാർഷിക ധനകാര്യപത്രിക | 1.2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 |
| സാമ്പത്തിക വിശകലനം | 1.4 |

| | |
|---|---|
| ഫണ്ട് വിനിയോഗം | 1.5 |
| പദ്ധതി അവലോകനം | 1.6 |
| തനതുവരുമാനം | 1.7 |
| ആഭ്യന്തരനിയന്ത്രണം | 1.8 |
| മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1.9 |
| ആഭ്യന്തര നിയന്ത്രണ സംവിധാനം | 1.10 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| ഭാഗം 2 വരവുകണക്കുകൾ | |
| വാർഷികകണക്കുകളുടെ അവലോകനം | 2-1 |
| കെട്ടിടത്തിന്റെ ക്രമവൽക്കരണവും വസ്തു നികുതി നിർണ്ണയവും--നടപടിക്രമത്തിൽ ഗുരുതരമായ ചട്ടലംഘനം | 2-2 |
| കെട്ടിടങ്ങൾക്ക് അനർഹമായ വസ്തുനികുതിയിളവ് നൽകി | 2-3 |
| ആരാധനാലയങ്ങളുടെ പേരിൽ വസ്തുനികുതിയിളവ് നൽകിയിരിക്കുന്നു. | 2-4 |
| വഴി സൗകര്യത്തിന് വസ്തു നികുതിയിൽ അനർഹമായ ഇളവ് നൽകി | 2-5 |
| കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ അവ്യക്തത | 2-6 |
| പരസ്യനികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-7 |
| തൊഴിൽ നികുതി--കുറവ് ഈടാക്കിയത് സംബന്ധിച്ച് | 2-8 |
| ഭാഗം 3 ചെലവുകണക്കുകൾ | |
| ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയില്ല | 3-1 |
| പഠനമുറി--സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല | 3-2 |
| മീഡിയാശ്രീ പ്രോജക്ട്--ലക്ഷ്യം കൈവരിച്ചിട്ടില്ല | 3-3 |
| പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതി (വനിത)--പച്ചക്കറി വിത്ത് വിതരണത്തിൽ അപാകത | 3-4 |
| ആട് വിതരണം (ജനറൽ)--അപാകതകൾ സംബന്ധിച്ച് | 3-5 |
| മഴക്കാല പൂർവ്വ ശുചീകരണം--ശുചിത്വമിഷന്റെ ഫണ്ട് വിനിയോഗം സുതാര്യമല്ല | 3-6 |
| ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ--പദ്ധതി പൂർത്തീകരിക്കേണ്ടതാണ് | 3-7 |
| പാണ്ടൻചിറ അംഗൻവാടിയ്ക്ക് അറ്റകുറ്റപ്പണി--അലൂമിനിയം ട്രാഫോർഡ് ഷീറ്റിന് പകരം ജി.ഐ. ഷീറ്റ് ഉപയോഗിച്ചു | 3-8 |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |

| | |
|---|---|
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| വായ്പ-വായ്പ തിരിച്ചടവ് | 4.4 |
| സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| ഓഡിറ്റ് റിക്കവറി | 4.6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4.7 |
| ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ | 4.9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.3.15 തീയതിയിലെ 1 -ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14567208.95 |
| വരവ് | 84146066 |
| ആകെ | 98713274.95 |
| ചെലവ് | 93653000 |
| നീക്കിയിരുപ്പ് | 5060274.95 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 15.7.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 29.9.16 | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22091713.50 |
| വരവ് | 38906429 |

| | |
|---|---|
| ആകെ | 60997142..50 |
| ചെലവ് | 47324462.50 |
| നീക്കിയിരിപ്പ് | 13672680 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ട്രാൻസർഫർ ക്രഡിറ്റ് ചെയ്തത് | ഒട്ടാകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1952046 | 1439305 | 3391351 | 8560777 (മറ്റുള്ള പബ്ലിക്ക് അക്കൗണ്ടിൽ നിന്നും ല ഭിച്ചത്) | 11952128 | 11952128 | 0 |
| വികസനഫണ്ട് എസ്.സി.പി. | 4041223 | 903750 | 4944973 | (3618723) (VPFA-II (a) ലേക്ക് ട്രാൻസ്ഫർ ചെയ്തത്) | 1326250 | 1326250 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 189641 | 307791 | 497432 | (189641)(,,) | 307791 | 307791 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 498598 | 3319396 | 3816994+ 3263061= 7080055 | - | 7080055 | 7080055 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1220473 | 2042588 | | | | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 862268 | 6534427 | 7396695 | (2127988) | 5268707 | 5268707 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3616479 | 2577600 | 6194079 | (2624425) | 3569654 | | 0 |
| എം. എൻ. | - | 156596 | | - | 156596 | 156596 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ആർ.ഇ. ജി.എസ്. | | | | | | | |
| ബി ഫണ്ട് | | 260840 | | | 260840 | 260840 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 69557057 | 169 | 34605559 | 3 | 36 | 82.43 |

പദ്ധതി ആസൂത്രണം/നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ

| | | |
|---|---|---|
| വർക്കിംഗ് ഗ്രൂപ്പ് | : | 24.11.15, 16.1.15, 7.2.15 16.2.15,16.3.15, |
| വികസനസെമിനാർ | : | .7.2.15 |
| ഡി.പി.സി.-അന്തിമാംഗീകാരം 2015-16 | : | 490/15/ഡിപിസി/ഡിപിഒ/കെറ്റിഎം തീയതി 24.6.16 |

പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ്

ഗ്രാമസഭകൾ

കേരള പഞ്ചായത്ത് രാജ് വകുപ്പ് 3 പ്രകാരം 3 മാസത്തിലൊരിക്കൽ ഗ്രാമസഭകൾ യോഗം ചേരേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ നിബന്ധന കർശനമായി പാലിക്കുന്നില്ല. ഓരോ വർഷവും ഒക്ടോബർ മാസത്തോടെ, അടുത്ത വർഷത്തെ നിയമസഭാ തീയതികൾ ഗ്രാമപഞ്ചായത്തുകൾ നിശ്ചയിക്കണമെന്ന് 22675/എൽ.3/99/തസ്വഭവ തീ.03.08.04 നമ്പർ സർക്കുലറിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് കൃത്യമായി നടപ്പാക്കേണ്ടതാണ്.

നേട്ടങ്ങൾ

- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ചു.
- വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് നടത്തുകയും ഉപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തു.
- സ്കൂളുകളിൽ അതുല്യം പദ്ധതി നടപ്പിലാക്കി
- എസ്.സി.സ്കൂൾ വിദ്യാർത്ഥികൾക്ക് പഠന മുറി എന്ന പ്രോജക്ട് നടപ്പിലാക്കി.
- സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു.

കോട്ടങ്ങൾ

- ഉല്പാദനമേഖലയിൽ സമഗ്രമായ വളർച്ച കൈവരിയ്ക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ചില്ല.
- വി.ഇ.ഒ 2 സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പെടെ 3 പ്രോജക്ടുകൾ മാത്രമാണ് നിർവഹണം നടത്തിയത്.
- തനതുഫണ്ട് വകയിരുത്തിയ ഭൂരിപക്ഷം പ്രോജക്ടുകളും നടപ്പാക്കിയില്ല. കൂടാതെ, മറ്റു ഫണ്ടുകളോടൊപ്പം തനതുഫണ്ട് വകയിരുത്തിയ ഏതാനും പ്രോജക്ടുകളിൽ തനതുഫണ്ട് ആനുപാതികമായി ചെലവഴിച്ചില്ല.
- ആശ്രയ പദ്ധതി നടപ്പാക്കിയില്ല
- T.S.C. വിഹിതം തനത് ഫണ്ടിൽ ഉണ്ടായിരുന്നിട്ടും കക്കൂസ് നിർമ്മാണത്തിനായി തുക ചെലവഴിച്ചില്ല

- പട്ടികവർഗത്തിനായി ആട് വളർത്തൽ പദ്ധതി, ,പഠനോപകരണവിതരണം എന്നിവ മാത്രമാണ് നടപ്പാക്കിയത്. പട്ടികവർഗവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ആവശ്യത്തിന് അനുസൃതമായി പ്രോജക്ട് ആവിഷ്കരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4094819 | 5040560 | 945741 | 23 % കൂടുതൽ |
| നികുതിയേതര വരവുകൾ | 1681394 | 1366630 | 314764 | 18% കുറവ് |
| ആകെ | 5776213 | 6407190 | 1260505 | 22% കൂടുതൽ |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 252840 | 156 |
| കർഷകതൊഴിലാളി പെൻഷൻ | 7451070 | 907 |
| വിധവാപെൻഷൻ | 6337160 | 636 |
| വാർദ്ധക്യകാലപെൻഷൻ | 8773770 | 322 |
| വികലാംഗപെൻഷൻ | 3137090 | 244 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 431640 | 32 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.9.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 148650...രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

തനതു ഫണ്ട് വരവുകൾ

- വരവിനങ്ങളായ തൊഴിൽ നികുതി, വാടക, ഡി ആന്റ് ഒ എന്നിവയുടെ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി പൂർത്തീകരിച്ചിട്ടില്ല.
- വസ്തു നികുതിയിനത്തിൽ വൻ തുക കുടിശ്ശിക നില നില്ക്കുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ശ്രമിക്കേണ്ടതും, സർക്കാർ മാർഗനിർദ്ദേശങ്ങൾക്കു വിധേയമായി പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രമിക്കേണ്ടതുമാണ്.
  തനതു ഫണ്ട് ചെലവുകൾ

- ജീവനക്കാരുടെ ശമ്പളം, ഭരണസമിതിയംഗങ്ങളുടെ ഓണറേറിയം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം, കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ, തുടങ്ങിയവയാണ് പ്രധാന റവന്യൂ ചെലവിനങ്ങൾ.
- ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്.
- വൗച്ചറുകൾ മാസക്രമത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
- ബിൽ രജിസ്റ്ററിൽ ബിൽ നമ്പരും വൗച്ചർ നമ്പരും രേഖപ്പെടുത്തുന്നുണ്ട്.
  ലേലരജിസ്റ്റർ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്.
- ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.
- തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട ഇതര രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.7.16 -24.7.16 | 06/2016 | 19.8.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.11.2013-25.11.13 | 2008-09 2012-13 വരെ | 4.2.14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം.

ഓഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (G.O(MS)152/11 /LSGDdt.26.07.2011) നടപ്പാക്കിയിട്ടില്ല.

## 2-2 കെട്ടിടത്തിന്റെ ക്രമവൽക്കരണവും വസ്തു നികുതി നിർണ്ണയവും- നടപടി ക്രമത്തിൽ ഗുരുതരമായ ചട്ടലംഘനം

പഞ്ചായത്തിലെ 11-ാം വാർഡിൽ ശ്രീമതി ജോളിമോൾ സ്കറിയയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ (തറവിസ്തീർണ്ണം 130 ച.മീ.) ക്രമവൽക്കരണവും, വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.
പെർമിറ്റ് വാങ്ങാതെ പണിത കെട്ടിടം ക്രമവൽക്കരിക്കുന്നതിന് 08.01.2016 ൽ കെട്ടിട ഉടമ അപേക്ഷ നൽകുകയും 1950/- രൂപ ക്രമവൽക്കരണ ഫീസ് ഈടാക്കി സെക്രട്ടറി ക്രമവൽക്കരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 135(2) പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഒരു പുതിയ കെട്ടിട പെർമിറ്റിന് വേണ്ടിയുള്ള അപേക്ഷയുടെ കാര്യത്തിൽ ആവശ്യമായ സൂചനകളും വിശദാംശങ്ങളും സമർപ്പിക്കേണ്ടതാണെന്നും ചട്ടം 135(3) പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കുന്നതൊണന്നും വ്യക്തമാക്കിയിട്ടുണ്ട്. ക്രമവൽക്കരണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ.1 /തസ്വഭവ നം. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഈ സർക്കുലറിലെ ക്രമ.നം.4,7 എന്നിവ പ്രകാരം സെക്ഷൻ ക്ലാർക്കിന്റെ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തേണ്ടിയിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ സെക്രട്ടറി തന്നെ റിപ്പോർട്ട് എഴുതി ക്രമവൽക്കരിച്ച് നൽകുകയാണ് ചെയ്തിരിക്കുന്നത്.
2. കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15.06.2016 ലെ

32131/ആർ.എ.1/2012/തസ്വഭവ നം. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഇത് പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും, പഞ്ചായത്തിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധർ പരിശോധന ശേഷം ശുപാർശ നൽകിയാൽ മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ കാര്യത്തിൽ സാങ്കേതിക വിദഗ്ധർ പരിശോധന നടത്തുകയോ ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. കെ.പി.ബി.ആർ. ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാതെ കെട്ടിടം ക്രമവൽക്കരിച്ച് നൽകിയത് ഗുരുതരമായ ചട്ടലംഘനമാണ്.

3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ.1/തസ്വഭവ നം. സർക്കുലറിലെ ക്രമ.നം.6 പ്രകാരം എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന സൂക്ഷ്മപരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ കാര്യത്തിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം വ്യക്തമാണ്.
4. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12(4) പ്രകാരം കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ സ്ഥലത്ത് പോയി ഫാറം-6 ൽ ശേഖരിക്കുകയും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയം നടത്തി ആ വിവരം വസ്തുനികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥയും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. വസ്തുനികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.8) യുടെ മറുപടിയിൽ കെട്ടിടം ക്രമവൽക്കരിച്ച് സഞ്ചയയിൽ നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് മാത്രമാണ് ഈ നടപടികൾ നിർവ്വഹിച്ച സെക്രട്ടറി വ്യക്തമാക്കിയത്. ഈ സാഹചര്യത്തിൽ കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് വസ്തു നികുതി നിർണ്ണയം നടത്തിയത് ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല എന്ന് വ്യക്തമാകുന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് കെട്ടിടം നിർമ്മിച്ചത് എന്ന് ഉറപ്പ് വരുത്താതെ ക്രമവത്ക്കരണം നടത്തിയ സെക്രട്ടറിയുടെ നടപടി ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിനെക്കുറിച്ചും, ഇപ്രകാരമുള്ള കെട്ടിടത്തിന് നികുതി നിർണ്ണയം നടത്തിയതിനെക്കുറിച്ചും വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-3 കെട്ടിടങ്ങൾക്ക് അനർഹമായ വസ്തുനികുതിയിളവ് നൽകി.

വസ്തുനികുതി പരിഷ്കരണത്തിന്റെ പരിശോധനയുമായി ബന്ധപ്പെട്ട് സഞ്ചയ റവന്യൂ മൊഡ്യൂൾ -പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ ലിസ്റ്റിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളും ഉൾപ്പെട്ടതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ/കെട്ടിടത്തിന്റെ വിവരം | തറ വിസ്തീർണം(ച.മീ) |
|---|---|---|---|
| 1 | 20/164 | സെക്രട്ടറി, പനയ്ക്കൽകാവ് ദേവീക്ഷേത്രം ഓഫീസ് | 20 |
| 2 | 7/36 | സെക്രട്ടറി, 337 എൻ.എൻ.എസ് കരയോഗം, തോട്ടയ്ക്കാട് | 143.22 |

ഈ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.9) മറുപടിയിൽ പരിശോധിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ആരാധനാലയങ്ങളുടെ പേരിൽ വസ്തുനികുതിയിളവ് നൽകിയിരിക്കുന്നു

വസ്തുനികുതി പരിഷ്കരണത്തിന്റെ പരിശോധനയുമായി ബന്ധപ്പെട്ട് സഞ്ചയ റവന്യൂ മൊഡ്യൂൾ -പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ ആരാധനാലയങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ഒരേ പേരിലുള്ള കെട്ടിടങ്ങൾക്ക് വിവിധ കെട്ടിടനമ്പറുകൾ നൽകി ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ/കെട്ടിടത്തിന്റെ വിവരം | തറ വിസ്തീർണം(ച.മീ) |
|---|---|---|---|
| 1 | 7/165 | വികാരി, സെന്റ് ഇഗ്നേഷ്യസ് പള്ളി, തോട്ടയ്ക്കാട് | 297.6 |

| | | | |
|---|---|---|---|
| 2 | 7/166 | വികാരി, സെന്റ് ഇഗ്നേഷ്യസ് പള്ളി, തോട്ടയ്ക്കാട് | 507.35 |
| 3 | 7/167 | വികാരി, സെന്റ് ഇഗ്നേഷ്യസ് പള്ളി, തോട്ടയ്ക്കാട് | 83.02 |
| 4 | 7/541 | വികാരി, സെന്റ് ജോർജ് പള്ളി, തോട്ടയ്ക്കാട് | 54.4 |
| 5 | 7/590 | വികാരി, സെന്റ് ജോർജ് പള്ളി, തോട്ടയ്ക്കാട് | 67.31 |
| 6 | 8/588 | വികാരി, സെന്റ് ജോർജ് പള്ളി, തോട്ടയ്ക്കാട് | 618.8 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10) ക്രമ.നം.1,4 എന്നീ കെട്ടിടങ്ങൾ മാത്രമാണ് ആരാധനയ്ക്ക് ഉപയോഗിക്കുന്നത് എന്ന മറുപടി നൽകിയിട്ടുണ്ട്. ആരാധനയ്ക്ക് ഉപയോഗിക്കാത്ത മറ്റ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വഴി സൗകര്യത്തിന് വസ്തു നികുതിയിൽ അനർഹമായ ഇളവ് നല്കി

പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ വാകത്താനം അദ്ധ്യാപക ബാങ്ക് (കെട്ടിട നമ്പർ 13/629, തറ വിസ്തീർണം-96 ച.മീറ്റർ) എന്ന കെട്ടിടം തെങ്ങണ-ഞാലിയാകുഴി റോഡിന്റെ (5 മീറ്ററിൽ കൂടുതൽ വീതിയുള്ള പി.ഡബ്ലിയു.ഡി.വഴി) വശത്ത് സ്ഥിതി ചെയ്യുന്നതായി കാണുന്നു. എന്നാൽ സഞ്ചയ റവന്യൂ മൊഡ്യൂൾ പ്രോപ്പർട്ടി ടാക്സിൽ ലഭ്യമാക്കിയിരിക്കുന്ന വിവരം പ്രകാരം ഈ കെട്ടിടത്തിന് 1.5 മീറ്ററോ അതിൽ താഴെയോ ഉള്ള വഴിയായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴിസൗകര്യത്തിന് നൽകേണ്ട 20% വർദ്ധനവ് ബാധകമാക്കുന്നതിന് പകരം 1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴിസൗകര്യത്തിന് നൽകുന്ന 10% ഇളവ് നൽകി നികുതി നിർണയിച്ചതായി കാണുന്നു. വഴിസൗകര്യത്തിന് ഇളവ് നൽകിയതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.8) മറുപടിയിൽ നികുതി കണക്കാക്കിയതിൽ പറ്റിയ തെറ്റ് പരിഹരിച്ച് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് നികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-6 കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ അവ്യക്തത.

പഞ്ചായത്തിലെ പതിനാറാം വാർഡിൽ കെ.എം. മാത്യു ,കുന്നമ്പൂട്ടിൽ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 16/330/എ നമ്പർ 65.9 ച.മീറ്റർ വിസ്തീർണമുള്ള വ്യവസായാവശ്യത്തിനുള്ള കെട്ടിടത്തിനെ (ഫർണിച്ചർ വർക്ക് ഷോപ്പ്) മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് കാറ്റഗറിയിൽ പെടുത്തിയിട്ടുള്ളതിന്റെ രേഖ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് ഈ പഞ്ചായത്തിൽ നിശ്ചയിച്ചിരിക്കുന്ന നികുതി നിരക്ക് ച.മീറ്ററിന് 20/-രൂപയാണ്. എന്നാൽ ഈ കെട്ടിടത്തിന് ച.മീറ്ററിന് 15/- രൂപ നിരക്കിൽ 2015-16 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണയിച്ചിട്ടുണ്ട്. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം8) മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-7 പരസ്യ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

2015-16- ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ വാകത്താനം ഗ്രാമ പഞ്ചായത്തിന് പരസ്യ നികുതി ഇനത്തിൽ യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. 21.07.2015 -ലെ പഞ്ചായത്ത് കമ്മറ്റി 24-ആം തീരുമാന പ്രകാരം പരസ്യ നികുതി ബൈലോ പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത തീരുമാനത്തിൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്നതും കോട്ടയം, ചങ്ങനാശ്ശേരി എന്നീ സിറ്റികൾക്ക് നടുവിലായി സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് നിരവധി വ്യാപാര വ്യവസായ ശാലകൾ പ്രവർത്തിക്കുന്നതും ഞാലിയാകുഴി-തെങ്ങണ, ഞാലിയാകുഴി-പുതുപ്പള്ളി എന്നീ പ്രധാന റോഡുകളും മറ്റ് പല PWD റോഡുകളും കടന്നുപോകുന്നതുമാണ്. ഓഡിറ്റിന്റെ പരിശോധനയിൽ വലുപ്പമേറിയതും ശ്രദ്ധയാകർഷിക്കുന്നതുമായ വളരെയധികം പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതായി കാണുവാൻ സാധിച്ചിട്ടുണ്ട്. 21.07.2015-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം

ഒരുവർഷത്തിലധികമായിട്ടും നടപ്പാക്കാത്തത് സെക്രട്ടറിയുടെ ഭാഗത്തെ വീഴ്ചയാണ്. ഇതുമൂലം ഗ്രാമ പഞ്ചായത്തിന് പ്രതി വർഷം ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ബൈലോ പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി പരസ്യ നികുതി പിരിച്ചെടുക്കേണ്ടതാണ്. പരസ്യ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൊച്ചി കോർപ്പറേഷൻ, വൈക്കം മുനിസിപ്പാലിറ്റി തുടങ്ങി പല തദ്ദേശ സ്ഥാപനങ്ങളും വിജയകരമായി നടപ്പിലാക്കിയ കുത്തക ലേലം ഒഴിവാക്കി പരസ്യ നികുതി പിരിവ് നേരിട്ട് നടത്തുന്ന രീതി വാകത്താനം പഞ്ചായത്തിനും പിൻതുടരാവുന്നതാണ്.

## 2-8 തൊഴിൽ നികുതി- കുറവ് ഈടാക്കിയത് സംബന്ധിച്ച്

വാകത്താനം ഗ്രാമ പഞ്ചായത്തിന്റെ 15-16 വർഷത്തെ തൊഴിൽ നികുതി അടവ് പരിശോധിച്ചതിൽ MGEMHSS എന്ന സ്ഥാപനം 51 ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത തൊഴിൽ നികുതി യതാർത്ഥത്തിൽ ഒടുക്കേണ്ടിയിരുന്നതിൽ നിന്നു കുറവാണെന്ന നേരിട്ട് നടത്തിയ പരിശോധനയിൽ കണ്ടെത്തി. 2015-16 രണ്ടാം അർദ്ധ വർഷം ഓഡിറ്റിനു ഹാജരാക്കിയ സ്റ്റാഫ് ലിസ്റ്റ് പ്രകാരമുള്ള ശമ്പളവും യതാർത്ഥത്തിൽ നൽകിയിട്ടുള്ള ശമ്പളവും തമ്മിലുള്ള വ്യത്യാസം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പുതിയ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി വിലയിരുത്തിയതു മുഖാന്തിരം 8110 രൂപ അധികം ഈടാക്കേണ്ടതുണ്ട്. 2016 മാർച്ച് മുതൽ സെപ്റ്റംബർ വരെയുള്ള 7% പിഴ പ്പലിശയും സഹിതം 8678 രൂപ ഈ ഇനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കണം എന്നുള്ള 23.09.2016 -ലെ ഓഡിറ്റ് എൻക്വയറി നം.02/16- ന് രസീത് നം 11604103121 തിയതി 23.09.2016 പ്രകാരം 8699/- രൂപ അടവാക്കിയതായി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിച്ചിരുന്നു. പഞ്ചായത്തിന്റെ ഒരു പ്രധാന തനത് വരുമാനമായ തൊഴിൽ നികുതി കാര്യക്ഷമമായി ഈടാക്കുന്നതിനു വേണ്ട നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയില്ല.

വികസനഫണ്ടിൽ നിന്നുള്ള നിർബന്ധ വകയിരുത്തലുകളിലൊന്നായ ആശ്രയ പ്രോജക്ടിന് 2014-15, 2015-16 വർഷങ്ങളിൽ യഥാക്രമം 230000/-രൂപ, 368742/-രൂപ എന്നീ തുകകൾ വകയിരുത്തിയെങ്കിലും ഈ തുക ഉൾപ്പെടെ 1069428/- രൂപ ചെലവഴിക്കാതെ കുടുംബശ്രീയുടെ ആശ്രയപദ്ധതിക്ക് വേണ്ടിയുള്ള അക്കൗണ്ടിൽ അവശേഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.5,തീ.26.09.16) മറുപടി പ്രകാരം തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലഭിച്ച തുക | ലഭിച്ച തീയതി | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 49500 | 11/05/12 | - | 49500 |
| വികസനഫണ്ട്(ജനറൽ) | 230000 | 13.05.15 | - | 230000 |
| വികസനഫണ്ട്(ജനറൽ) | 368742 | 30/01/16 | - | 368742 |
| ചലഞ്ച് ഫണ്ട് | 453625 | 24/11/05 | 136155 | 317470 |
| കമ്പ്യൂട്ടർ ഫണ്ട് | 200000 | 24/11/05 | 191595 | 8405 |
| പലിശ | | | | 95311 |
| ആകെ 10,69,428/- | | | | |

അഗതി കുടുംബങ്ങൾക്ക് വേണ്ടിയുള്ള പരിചരണ സേവനങ്ങളുടെ പാക്കേജിൽ ഉൾപ്പെടുത്തി ഭക്ഷണം, ആരോഗ്യസുരക്ഷ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം നൽകൽ, പെൻഷൻ, പാർപ്പിടം, വിദ്യാഭ്യാസം, സാമൂഹ്യമായ ഉറ്റപ്പെടൽ അവസാനിപ്പിക്കൽ മുതലായവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താവുന്നതാണെങ്കിലും ഇവിടെ ഒന്നാം ഘട്ട ആശ്രയ പദ്ധതി 25.03.2013 ൽ അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമല്ല. പദ്ധതിയുടെ ബാക്കി തുക ചെലവഴിക്കുന്നതിന് റീ സർവ്വേ നടത്തിവരികയാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ആശ്രയ പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പഠന മുറി-സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചിട്ടില്ല.

സ.ഉ.(സാധാ)നം.626/2016/തസ്വഭവ തീയതി 15.02.2016 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിന് നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം, നിർമ്മിക്കുന്ന പഠനമുറിയ്ക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം, എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുക്കണം മുതലായ മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 182/16-ാം നമ്പർ പ്രോജക്ടായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്നതിൽ ഉൾപ്പെടുത്തി മൂന്ന് പേർക്ക് 95000/- രൂപ വീതം നൽകിയപ്പോൾ ഈ മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 1)മറുപടി തൃപ്തികരമല്ല. വരും വർഷങ്ങളിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണമായും പാലിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 മീഡിയാശ്രീ പ്രോജക്ട്- ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്ട് നം.-എസ് 114/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ --65000/-രൂപ (വികസനഫണ്ട് ജനറൽ)

ചെലവ്-65000/-രൂപ (ഡി.ഡി നം.246025,തീയതി-28.07.2015)

തദ്ദേശസ്വയംഭരണവകുപ്പിന്റെ 05-12-2014 ലെ 3206/2014-ാം നമ്പർ സർക്കാർ ഉത്തരവനുസരിച്ച് കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ "മീഡിയാശ്രീ" പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായുള്ള പ്രോജക്ട് പ്രകാരം ഈ പഞ്ചായത്തിന്റെ മീഡിയാശ്രീ പ്രോജക്ടിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 65000/-രൂപ നൽകിയിട്ടുണ്ട്. 08.09.2015 ൽ ഈ തുക കൈപ്പറ്റിയിട്ടുള്ളതായും പഞ്ചായത്ത് സെക്രട്ടറിയും കുടുംബശ്രീ മിഷൻ ജില്ലാ കോർഡിനേറ്ററുമായി കരാറിലേർപ്പെട്ടിട്ടുള്ളതായും (കരാറിലേർപ്പെട്ട തീയതി രേഖപ്പെടുത്തിയിട്ടില്ല) കാണുന്നു. കരാറിലെ ഒന്നാമത്തെയും രണ്ടാമത്തെയും വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിനെക്കുറിച്ച് തയ്യാറാക്കാൻ പോകുന്ന ഡോക്യുമെന്ററി ചിത്രത്തിന്റെ തിരക്കഥ അംഗീകരിച്ച കത്തും, പദ്ധതിക്കനുവദിച്ച തുകയും ഒന്നാം കക്ഷിയായ സെക്രട്ടറി രണ്ടാം കക്ഷിയായ കുടുംബശ്രീ മിഷൻ ജില്ലാ കോർഡിനേറ്റർക്ക് ലഭ്യമാക്കിക്കഴിഞ്ഞാൽ അറുപത് ദിവസത്തിനകം സ്ഥാപനത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി ചിത്രത്തിന്റെ പത്ത് പകർപ്പ് ഒന്നാം കക്ഷിക്ക് കൈമാറണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾ പാലിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരങ്ങളൊന്നും ഫയലിലില്ല. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.1, തീ.22.09.2016) മറുപടിയിൽ ഡോക്യുമെന്ററി തയ്യാറാക്കാൻ ആളുകൾ വന്നിരുന്നെങ്കിലും ഡോക്യുമെന്ററിയുടെ പകർപ്പോ മറ്ററിയിപ്പുകളോ പഞ്ചായത്തിന് നാളിതുവരെ ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈ പ്രോജക്ടിന് ചെലവഴിച്ച 65000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതി (വനിത) - പച്ചക്കറി വിത്ത് വിതരണത്തിൽ അപാകത

പ്രോജക്ട് നം: S0003/16

പച്ചകൃഷി പ്രോത്സാഹന പദ്ധതി (വനിത)

ആകെ അടങ്കൽ- 189000/-

ചെലവ് - 67260/-

പഞ്ചായത്ത് പരിധിയിൽ പച്ചകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2015-16 കാലയളവിൽ പച്ചക്കറി വിത്ത് വിതരണവും ജൈവവള സബ്സിഡിയും ഗുണഭോക്താക്കൾക്ക് നൽകി വാകത്താനം കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പച്ചകൃഷി പ്രോത്സാഹന പദ്ധതി (വനിത) – യിൽ ഉൾപ്പെട്ട പച്ചക്കറി വിത്ത് വിതരണത്തിനായി ജില്ലാ കൃഷി ഫാം, കോഴയിൽ നിന്നും പാക്കറ്റിന് 30/- രൂപ നിരക്കിൽ 292 പച്ചക്കറി വിത്ത് പാക്കറ്റുകൾ 8760/- രൂപയ്ക്ക് (രസീത് നം. 58325 തിയതി 15.04.16) വാങ്ങിയിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം ഓരോ പച്ചക്കറി വിത്ത് പാക്കറ്റ് വീതം 100 ഗുണഭോക്താക്കൾക്ക് ആകെ 100 പച്ചക്കറി വിത്ത് പാക്കറ്റുകൾ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. ബാക്കി 192 പച്ചക്കറി വിത്ത് പാക്കറ്റുകളുടെ തൽസ്ഥിതി സംബന്ധിച്ച് ഓഡിറ്റ് വിശദീകരണം (എൻക്വയറി നം.03) ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയോ വിതരണത്തിന് ശേഷം മിച്ചം വന്ന പച്ചക്കറി വിത്ത് പാക്കറ്റുകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ 192 പച്ചക്കറി വിത്ത് പാക്കറ്റുകളുടെ വിലയായ 192x30=5760/- രൂപയുടെ ചെലവ് (അയ്യായിരത്തി എഴുനൂറ്റി അറുപത് രൂപ മാത്രം) നിരാകരിക്കുന്നു. പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥയായ കൃഷിഓഫീസറുടെ പക്കൽ നിന്നും ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-5 ആട്ട വിതരണം (ജനറൽ)- അപാകതകൾ സംബന്ധിച്ച്

പ്രോജക്റ്റ് നം: S0022/16
പ്രോജക്റ്റ് വിഭാഗം- ജനറൽ
ആട് വിതരണ പദ്ധതി
വികസന ഫണ്ട്- 2,40,000/-
ചിലവ് -2,04,000/-

ആട്ട വിതരണം (ജനറൽ) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആകെ 17 ഗുണഭോക്താക്കളിൽ ആദ്യഘട്ടത്തിലെ 14 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത ആടുകളെ ഇൻഷ്വർ ചെയ്ത രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പ്രസ്തുത അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7 – ന് ആടുകളെ ഇൻഷ്വർ ചെയ്തിട്ടുണ്ടെന്നും രേഖകൾ ഹാജരാക്കാമെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിരുന്നെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആദ്യഘട്ടത്തിലെ 14 ഗുണഭോക്താക്കൾക്ക് ആട്ട വിതരണ പദ്ധതിക്കായി ചെലവഴിച്ച 14x12000= 1,68,000/- രൂപ (ബിൽ നം. 5/15-16 തീയതി 27-01-16) തടസ്സപ്പെടുത്തുന്നു.

## 3-6 മഴക്കാല പൂർവ്വ ശുചീകരണം- ശുചിത്വ മിഷന്റെ ഫണ്ട് വിനിയോഗം സുതാര്യമല്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി താഴെ പ്രതിപാദിക്കുന്ന വൗച്ചറുകൾ പ്രകാരം TSC വിഹിതം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം | തുക |
|---|---|---|
| 1 | 21500438/25.9.15 | 9280 |
| 2 | 21500463/1.10.15 | 9280 |
| 3 | 51500283/7.9,15 | 7393 |
| 4 | 21500205/7.8.15 | 9280 |
| 5 | 21500828/4.2.16 | 10000 |

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർക്കും പ്രകാരം അപാകതകൾ കണ്ടെത്തി

1. വാർഡ് തല പഞ്ചായത്ത്അംഗം ചെയർമാനും ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ കൺവീനറുമായി രൂപീകരിക്കപ്പെടുന്ന വാർഡു തല സാനിറ്റേഷൻ സമിതിക്ക് ഫണ്ട് കൈമാറ്റം ചെയ്ത് നിർവ്വഹിക്കപ്പെടേണ്ട പ്രവൃത്തി സെക്രട്ടറി നേരിട്ട് നിർവ്വഹണം നടത്തി.

2. ശുചിത്വ മിഷന്റെ ഫണ്ട് വിനിയോഗിക്കേണ്ടതിന്റെ മാർഗ്ഗ രേഖയിൽ നിന്നും വ്യതിചലിച്ച് കൊണ്ട് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കപ്പെട്ട സാഹചര്യം നിലവിലുണ്ട്

ഉദാഹരണം-20-ാം വാർഡ് മണ്ണ് നിറയ്ക്കൽ പദ്ധതി

3. പദ്ധതി നിർവ്വഹണത്തിനായി ഫയലിൽ ചേർത്തിട്ടുള്ള ഏറെക്കുറെ എല്ലാ ക്വട്ടേഷനുകളും ഒരേ കൈയ്യക്ഷരത്തിൽ എഴുതപ്പെട്ടിട്ടുള്ളവയാണ്.

ഭാവിയിൽ ശുചിത്വ മിഷൻ ഫണ്ട് ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശാനുസരണം ജനോപകാരപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-7 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- പദ്ധതി പൂർത്തീകരിക്കേണ്ടതാണ്

പ്രോജക്ട് നം: S0014/16

(ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ)

ആകെ അടങ്കൽ- 75000/-

വാകത്താനം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മാനേജിങ് ഡയറക്ടർ HOMCO ആലപ്പുഴയ്ക്ക് ഡി.ഡി. നം.327805 തിയതി. 30.03.2016 പ്രകാരം 75000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി (19.09.2016) വരെ മരുന്ന് ഡിസ്പെൻസറിയിൽ ലഭ്യമായിട്ടില്ല. HOMCO-ൽ നിന്നും എത്രയും വേഗം മരുന്ന് ലഭ്യമാക്കാൻ വേണ്ടനടപടികൾ സ്വീകരിക്കേണ്ടതും എത്തുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 3-8 പാണ്ടൻചിറ അംഗൻവാടിക്ക് അറ്റകുറ്റപ്പണി- അലുമിനിയം ട്രാഫോർഡ് ഷീറ്റിനു പകരം GI ഷീറ്റ് ഉപയോഗിച്ചു

പ്രോജക്റ്റ് നം.-SO 215/15

SO 101/16

അടങ്കൽ -2 ലക്ഷം

എം ബുക്ക് നം-87/14-15

ചെലവ് -142410/ 246425/26.8.15

മേൽ പദ്ധതിയുടെ നിർവ്വഹണം 28.9.16 ന സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത് അധികൃതരുടെയും ഗുണഭോക്തൃകമ്മിറ്റി ഭാരവാഹികളുടെയും സാന്നിധ്യത്തിൽ ഭൗതിക പരിശോധന നടത്തിയതിൽ 21-ആം ഇനമായ Roofing with Aluminium Trafford Sheet (Powder coated) 14.196 m2 മെറ്റീരിയൽ മാറ്റി നിർവ്വഹിച്ചിട്ടുള്ളതായി കണ്ടെത്തി. അലൂമിനിയം ട്രാഫോർഡ് ഷീറ്റിന്ന പകരം GI ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന കാന്തിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. താഴെപ്പറയും പ്രകാരം 5394/- രൂപ ആയിനത്തിൽ പഞ്ചായത്തിന്ന നഷ്ടം സംഭവിച്ചിട്ടുണ്ട്.

അനുവദിച്ച തുക 14.196 @ 811 /m2= 11512/-

അനുവദിയ്ക്കാവുന്നത് 14.196 @ 491 /m2= 6118/-

അധികം നല്കിയ തുക 11512-6118= 5394/- രൂപ

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/16 തിയതി 28.09.2016- ന് മറുപടിയായി പ്രോജക്റ്റ് കൺവീനറിൽ നിന്നും പദ്ധതിക്കായി അധികം നല്കിയ തുക -5394 രൂപ രസീത് നം. 11604103524 തിയതി 29.09.2016- ൽ തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കിയിരുന്നു. തുടർ കാലയളവിൽ ഇത്തരം പ്രവൃത്തികളിൽ അപാകതകൾ ഒഴിവാക്കുവാൻ പഞ്ചായത്ത് ഭരണസമിതിയുടെയും സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെയും ജാഗ്രത ഉണ്ടാകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽക്കിണർ നിർമ്മാണം | 326868/3.3.16 | 47387 | - | 47387 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

2015-16വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 100000 രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| E.M.S ഭവന വായ്പ | സ.ഉ.(ആർ.ടി)823/10നമ്പർ ത.സ്വ.ഭ.വ, തീയതി.11.3.10 | 16102500 | 7397044 | 100000 | 1955818 | - | 5541226 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2012-13 | 2-6-3 | 1366 | ശ്രീ.രഞ്ജിത്ത്.കെ | 11504104757/4.3.16 |
| 2013-14 | 3-1 | 19740 | ശ്രീ.എം.കെ.ബാബു, അസി.സെക്രട്ടറി | 11504500006/9.7.15 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60997142.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47324462.50 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5760 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 233000 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 5760 | ശ്രീമതി ബിന്ദു റ്റി. കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 65000 | ശ്രീ.എസ്.രാജഗോപാൽ, സെക്രട്ടറി |
| 3-5 | 168000 | ഡോ.ഫെലിസിറ്റ പ്രോത്താസിസ്, സീനിയർ വെറ്റിനറി സർജൻ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിന്ദു റ്റി., കൃഷി ഓഫീസർ | | കൂട്ടുങ്കൽ,<br>നെടുങ്ങാടപ്പള്ളി പി.ഒ,<br>686545 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 97-98 ചെലവ് | എൽ.എഫ്.കെ.പി3/751/98/10.2.99/2.3.99 | 14 |
| 97-98ഡി. സി. ബി | എൽ.എഫ്.കെ.പി3/289/14/അദാ.14/ 31.3.14 | 5 |
| 98-99 ചെലവ് | എൽ.എഫ്.കെ.പി8/994/00/5.1.01/7.5.02 | 17 |
| 98-99ഡി. സി. ബി | എൽ.എഫ്.കെ.പി1/190/അദാ/22.2.11 | 1 |
| 99-00 | എൽ.എഫ്.കെ.പി 3/അദാ.2014(1) /31.5.14 | 6 |
| 00-01, 01-02<br>ജനകീയാസൂത്രണം | എൽ.എഫ്.കെ.പി3/അദാ.2014(3)/7.6.14 | 8 |
| 1.4.98-30.6.98 | എൽ.എഫ്.കെ.പി8/462/00/16.11.02 | |

| | | |
|---|---|---|
| ജനകീയാസൂത്രണം ചെലവ് | | |
| 01-02 | എൽ.എഫ്.കെ.പി3/അദാ.2014(2)/31.5.14 | 2 |
| 02-03 ചെലവ് | എൽ.എഫ്.കെ.പി8/22/05/1.4.05 | 14 |
| 02-03 ഡി. സി. ബി | എൽ.എഫ്.കെ.പി8/123/08/2.5.09/6.7.09 | 10 |
| 03-04 വരവ് | എൽ.എഫ്.കെ.പി8/124/08/29.12.09/8.3.10 | 5 |
| 04-05 | കെ.എസ്.എ-കെ.ടി.എം.പി3/762/അദാ./15 /15.12.15 | 1 |
| 05-06(വരവ്ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി3/763/അദാ./15 /15.12.15 | 12 |
| 06-07 | കെ.എസ്.എ-കെ.ടി.എം.പി3/567/അദാ./15 /15.12.15 | 8 |
| 07-08 | കെ.എസ്.എ-കെ.ടി.എം.പി3/688/അദാ./15 /15.12.15 | 9 |
| 08-09 | കെ.എസ്.എ-കെ.ടി.എം.പി3/689/അദാ./15 /15.12.15 | 2 |
| 09-10 | കെ.എസ്.എ-കെ.ടി.എം.പി3/690/അദാ./15 /15.12.15 | 3 |
| 10-11 | കെ.എസ്.എ-കെ.ടി.എം.പി3/813/12/30.6.16 | 2 |
| 11-12 | കെ.എസ്.എ-കെ.ടി.എം.പി3/1201/13/30.3.16 | 4 |
| 12-13 | കെ.എസ്.എ-കെ.ടി.എം.പി3/1137/14/1.2.16 | 14 |
| 13-14 | കെ.എസ്.എ-കെ.ടി.എം.പി3/777/15/10.3.16 | 6 |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി3/957/16/11.07.16 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി3-1533/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 26.10.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം